പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *27 06.01.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>ശ്രീ. വി. റ്റി. ബൽറാം: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | വിമാനത്താവള നിർമ്മാണത്തിനായി 2000 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നത് അതിൽ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ലാന്റ് അക്വിസിഷൻ നടപടികൾ പ്രകാരം ഏറ്റെടുത്ത മൊത്തം 1277.78 ഏക്കർ ഭൂമി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന 656.15 ഏക്കർ ഭൂമിയിൽ 234.29 ഏക്കർ ഭൂമി ഇതിനകം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി രജിസ്ട്രേഷൻ നടപടികൾ പ്രകാരം ഏറ്റെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. 2014 മാർച്ച് അവസാനത്തോടെ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കമ്പനിക്ക് കൈമാറാൻ ഉദ്ദേശിക്കുന്നു. സ്ഥലമെടുപ്പിന് സമ്മതം ലഭിക്കാത്ത കേസുകളിൽ സ്ഥലമെടുപ്പിനായി സർക്കാർ ഈ സാമ്പത്തിക വർഷം 27 കോടി രൂപ കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയും സ്ഥലമെടുപ്പ് നടപടികൾ തുടർന്നുവരികയുമാണ്.<br>കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയും പ്രതിരോധ മന്ത്രാലയത്തിന്റെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും അനുമതികളും പരിസ്ഥിതി |

മന്ത്രാലയത്തിന്റെ പരിസ്ഥിതി ക്ലിയറൻസും ഈ വിമാനത്താവള പദ്ധതിക്ക് ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. വിമാനത്താവളത്തിന്റെ റൺവെ നിർമ്മാണം, അനുബന്ധ പ്രവർത്തികൾ, റോഡു നിർമ്മാണം, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ ലാർസൻ & ടൂബ്രോ കമ്പനിക്ക് 694 കോടി രൂപയ്ക്ക് കരാർ നല്കിക്കഴിഞ്ഞു. ഇന്റഗ്രേറ്റഡ് പാസഞ്ചർ ടെർമിനൽ ടെക്നിക്കൽ ബ്ലോക്ക് കം എയർട്രാഫിക് കൺട്രോൾ ടവർ മുതലായവ അടങ്ങുന്ന രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ 2014 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ നല്കാനുദ്ദേശിക്കുന്നു. 2015 ഡിസംബറോടെ വിമാനത്താവളത്തിൽ പരീക്ഷണ പറക്കൽ നടത്തുന്നതിനാണ് കേരളസർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

പദ്ധതിക്ക് കേന്ദ്ര സർക്കാർ നല്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം വിമാനത്താവള പ്രദേശത്തുനിന്നും മുറിച്ചുമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കു പകരമായി 1:3 അനുപാതത്തിൽ സമീപ പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നടുന്ന പദ്ധതി മുഖേന ഇതുവരെയായി 2,51,000 ചെടികൾ ഇതിനായി വിതരണം ചെയ്യുകയും ചെയ്തു. പരിസ്ഥിതി ക്ലിയറൻസിന്റെ തുടർ നടപടികൾക്കായി KITCO യെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

കണ്ണൂർ വിമാനത്താവളത്തിന്റെ ബാക്കി നിർമ്മാണത്തിനായുള്ള കരാർ പ്രവർത്തിക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2014 ഏപ്രിൽ മാസത്തോടെ പ്രവർത്തിക്കുള്ള കരാർ നൽകുന്നതാണ്.

പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കൺസൾട്ടന്റായി AECOM ASIA യെ സമർപ്പിക്കുകയും ആയത് കിയാൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ചെയ്തു

| | | | |
|---|---|---|---|
| | | | നടത്തിപ്പിനാവശ്യമായ തുക ഓഹരി മൂലധനമായും കടമായും സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കമ്പനിയിൽ സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഓഹരി വിഹിതം (49%) പൂർണ്ണമായി സമാഹരിക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. സ്വകാര്യ മേഖലയിലുള്ള ഓഹരി വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതോടെ കടമായിട്ട് എടുക്കേണ്ട ധനം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>വിമാനത്താവള നിർമ്മാണത്തിനാവശ്യമായ 1008 കോടി രൂപ സ്വരൂപിക്കുന്നതിനായി ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും താൽപര്യ പ്രകടന പത്രികകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പഠനത്തിനായി CESS നെ നിയോഗിക്കുകയും CESS പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി 06.11.2012 ന് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് പബ്ലിക് ഹിയറിംഗ് 18.12.2012 ന് പൂർത്തിയാക്കി 23.01.2013 ന് അന്തിമ റിപ്പോർട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. 2013 ഫെബ്രുവരി 18-19 തീയതികളിലും 2013 മാർച്ച് 25-26 തീയതികളിലും ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ മീറ്റിങ്ങുകളിൽ പരിസ്ഥിതി ക്ലിയറൻസിനുള്ള പ്രൊപ്പോസൽ ശുപാർശ ചെയ്യുകയും 19 ജൂലൈ 2013 ലെ FNo. 11-90/2011-IA-III ഉത്തരവ് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുകയും ചെയ്തു. |

<table>
<tr><td></td><td></td><td></td><td>പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾക്കായി കിറ്റ്കോയെ കൺസൽട്ടന്റായി 28.09.2013 ന് നിയോഗിക്കുകയുണ്ടായി.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;</td><td>(സി)</td><td>വിമാനത്താവളത്തിന്റെ റൺവെ നിർമ്മാണം, അനുബന്ധ പ്രവർത്തികൾ, റോഡു നിർമ്മാണം, ചുറ്റുമതിൽ മുതലായവയുടെ നിർമ്മാണം സംബന്ധിച്ച് യോഗ്യതയുള്ളവരുടെ അഭ്യർത്ഥനക്കായി ((RFQ) Request for Qualification)) 21.01.2013 ന് ചേർന്ന കിയാൽ ബോർഡ് അംഗീകരിക്കുകയും 22.01.2013 ന് ആയത് പ്രസിദ്ധീകരിക്കുകയും ലഭ്യമായ 19 അപേക്ഷകളിൽ താഴെ പറയുന്ന 8 എണ്ണം പരിശോധനയിൽ യോഗ്യത നേടുകയും ചെയ്തു.
<table>
<tr><th>Sl. No.</th><th>Agency Name</th></tr>
<tr><td>1</td><td>OJSC "SIBMOST" GAYATRI JV</td></tr>
<tr><td>2</td><td>GMRINFRASTRUCTURE LTD</td></tr>
<tr><td>3</td><td>ITD CEMENTATION LIMITED</td></tr>
<tr><td>4</td><td>TAV CONSTRUCTIONS - ESSAR PROJECTS</td></tr>
<tr><td>5</td><td>EKO - UNITY - JV</td></tr>
<tr><td>6</td><td>LARSEN - TOUBRO LTD</td></tr>
<tr><td>7</td><td>ISOLUX INGENEIRIA S.A</td></tr>
<tr><td>8</td><td>SANJOSE - GAMMON - JV</td></tr>
</table>
കുറഞ്ഞ തുക ക്വാട്ട് ചെയ്ത ലാർസൻ & ടൂബ്രോയ്ക്ക് 694 കോടി രൂപയ്ക്ക് 05.11.2013ന് കരാർ നല്കുകയും ചെയ്തു.</td></tr>
<tr><td>(ഡി)</td><td>കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?</td><td>(ഡി)</td><td>കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ പരീക്ഷണ പറക്കൽ 2015 ഡിസംബർ മാസത്തിൽ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിമാനത്താവളത്തിന്റെ വാണിജ്യപരമായ പ്രവർത്തനങ്ങൾ 2016 മെയ് മാസത്തിൽ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ